**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3720** **06-08-2021 - ൽ മറുപടിയ്ക്ക്**

**പട്ടികവിഭാഗക്കാരുടെ ഭവന സൗകര്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | സംസ്ഥാനത്ത് ഭൂപരിഷ്കരണ നിയമം നടപ്പിലാക്കിയിട്ടും എസ്.സി., എസ്.ടി. വിഭാഗങ്ങളിൽപ്പെട്ട ഭൂരിഭാഗം ആളുകളും കോളനികളിലും ലക്ഷംവീടുകളിലും താമസിക്കേണ്ടിവരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ കാര്യത്തിൽ എന്തൊക്കെ പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (എ) | ഉണ്ട് പട്ടികജാതി വികസന വകുപ്പ് പട്ടികജാതി വിഭാഗക്കാരിൽ ഭൂരഹിതരായ കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിന് വകുപ്പിന്റെ ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നു. ടി പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് 5 സെന്റ് ഭൂമി വാങ്ങുന്നതിന് 3,75,000/- രൂപയും മുനിസിപ്പാലിറ്റി പ്രദേശത്ത് 3 സെന്റ് വാങ്ങുന്നതിന് 4,50,000/- രൂപയും കോർപ്പറേഷൻ പരിധിയിൽ 3 സെന്റ് ഭൂമി വങ്ങുന്നതിന് 6,00,000/- രൂപയും അനുവദിക്കുന്നു. ഭവനരഹിതരായ പട്ടികജാതിവിഭാഗക്കാർക്ക് വാസയോഗ്യമായ വീട് നിർമ്മിക്കുന്നതിന് നവകേരളമിഷന്റെ ഭാഗമായി നടപ്പിലാക്കിയ ലൈഫ് മിഷൻ പദ്ധതി മുഖേന വീട് അനുവദിച്ചു വരുന്നു. 2007-08 മുതൽ അനുവദിച്ചതിൽ പൂർത്തീകരിക്കാത്ത അവശേഷിക്കുന്ന വീടുകൾക്ക് സ്പിൽഓവറായി തുടർ ഗഡുക്കൾ അനുവദിക്കുന്നുണ്ട്. വിവിധ വകുപ്പുകൾ മുഖേന അനുവദിച്ചതിൽ മുഴുവൻ തുക കൈപ്പറ്റികഴിഞ്ഞിട്ടും നിർമ്മാണം പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകരണത്തിനും, നിർദ്ദിഷ്ട മേൽക്കൂര നിർമ്മിക്കാത്തതിനാൽ അവസാന ഗഡു ലഭിക്കാത്തവർക്കും, സ്വന്തം നിലയിൽ നിർമ്മാണം ആരംഭിച്ചിട്ട് പണി പൂർത്തിയാക്കാൻ കഴിയാത്തവർക്കും വീടിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് പരമാവധി ഒന്നരലക്ഷം രൂപ വരെ പട്ടികജാതി വികസന വകുപ്പിന്റെ ഭവന പൂർത്തീകരണ പദ്ധതി പ്രകാരം അനുവദിക്കുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് ഭൂമി ശാസ്ത്രപരമായ ഒറ്റപ്പെടൽ, വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥ, വേറിട്ട സംസ്കാരം, വികസന പ്രവർത്തനങ്ങളോടുള്ള വൈമുഖ്യം, പൊതു സമൂഹവുമായി ഇടപെടാനുള്ള വിമുഖത എന്നീ കാരണങ്ങളാൽ, ഭൂരിപക്ഷം പട്ടികവർഗ്ഗക്കാരും പൊതുവെ പൊതു സമൂഹത്തിൽ |

| | | | |
|---|---|---|---|
| | | | നിന്നും അകന്ന് കോളനികൾ കേന്ദ്രീകരിച്ച് ജീവിക്കുന്നതായാണ് കണ്ടു വരുന്നത്. ആയത് പരിഹരിക്കാൻ ഓരോ പട്ടികവർഗ്ഗ കുടുംബത്തിനും ഭൂമിയും വീടും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ആയതിലേക്ക് നവകേരളമിഷന്റെ ഭാഗമായി നടപ്പിലാക്കിയ ലൈഫ് മിഷൻ പദ്ധതി മുഖേന വീട് അനുവദിച്ചു വരുന്നു. കൂടാതെ ലാന്റ് ബാങ്ക് പദ്ധതിയിലൂടെ ഭൂമി വാങ്ങി നൽകി പുനരധിവസിപ്പിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് ആദിവാസി പുനരധിവാസ മിഷൻ മുഖേനയും വീട് അനുവദിച്ച് വരുന്നുണ്ട് മേൽപ്രകാരം സംസ്ഥാനത്തെ ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വാസയോഗ്യമായ വീട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ